ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ തസ്തികകൾ

88 (7385) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യവികസന കോർപ്പറേഷനിൽ എത്ര തസ്തികകളാണ് സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) നിലവിൽ കോർപ്പറേഷൻ ഹെഡ്ഡാഫീസിലും മേഖലാ ഓഫീസുകളിലുമായി എത്രപേർ ജോലി ചെയ്യുന്നുണ്ട് ;

(സി) പ്രസ്തുത ജീവനക്കാരുടെ പേര്, മേൽവിലാസം, തസ്തികയുടെ പേര്, നിയമനരീതി, ശമ്പളസ്കെയിൽ, നൽകുന്ന മൊത്തശമ്പളം എന്നിവ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ താഴെപ്പറയുന്ന 11 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1.	മാനേജിംഗ് ഡയറക്ടർ(ഡപ്യൂട്ടേഷൻ)	-	1
2.	ജനറൽ മാനേജർ (ഡപ്യൂട്ടേഷൻ)	-	1
3.	കമ്പനി സെക്രട്ടറി	-	1
4.	ഡപ്യൂട്ടി മാനേജർ	-	1
5.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടു എം.ഡി.	-	1
6.	സെക്ഷൻ ഓഫീസർ	-	1
7.	സീനിയർ അസിസ്റ്റന്റ്	-	1
8.	ക്ലർക്ക്-കം-കമ്പ്യൂട്ടർ ഓപ്പറേറ്റർ	-	2
9.	ഡ്രൈവർ-കം-പ്യൂൺ	-	1
10.	പ്യൂൺ-കം-ഓഫീസ് അറ്റൻഡന്റ്	-	1
	ആകെ		11

(ബി) ഹെഡ് ഓഫീസിൽ 10 പേർ ജോലി ചെയ്യുന്നു. കോർപ്പറേഷന് മേഖലാ ഓഫീസുകൾ ഇല്ല. (കമ്പനി സെക്രട്ടറിയെ നിയമിച്ചിട്ടില്ല. ഔട്ട് സോഴ്സിംഗിലുള്ള സേവനം ഉപയോഗിക്കുന്നു.)

(സി) ഡെപ്യൂട്ടേഷനിലും കരാർ അടിസ്ഥാനത്തിലും ഒരു വർഷത്തെ കാലാവധിയിൽ നിയമിച്ചിട്ടുള്ളവരുടെ പേരും വിലാസവും മറ്റു വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly